# 029/2017-M

Maximum : 100 marks

Time : 1 hour and 15 minutes

1. ചാന്നാർ ലഹളയുമായി ബന്ധപ്പെട്ട സാമൂഹിക പരിഷ്ക്കർത്താവ് :
   - (A) വൈകുണ്ഠ സ്വാമികൾ
   - (B) ചട്ടമ്പി സ്വാമികൾ
   - (C) ശ്രീനാരായണ ഗുരു
   - (D) അയ്യങ്കാളി

2. 2015 ലെ ജെ.സി. ഡാനിയേൽ പുരസ്ക്കാരം ലഭിച്ച വ്യക്തി :
   - (A) കെ.പി.എസ്.സി. ലളിത
   - (B) മധു
   - (C) ഐ.വി. ശശി
   - (D) അടൂർ ഗോപാലകൃഷ്ണൻ

3. 'ബറാക് 8' എന്ന മിസൈൽ വികസിപ്പിച്ചെടുക്കാൻ ഇന്ത്യയുമായി സഹകരിച്ച രാജ്യം :
   - (A) റഷ്യ
   - (B) ബ്രിട്ടൺ
   - (C) ഇന്തോനേഷ്യ
   - (D) ഇസ്രായേൽ

4. താഴെക്കൊടുത്തിരിക്കുന്നവയിൽ കൂട്ടത്തിൽപ്പെടാത്തത് :
   - (A) കറുക
   - (B) കച്ചോലം
   - (C) കയ്യോന്നി
   - (D) മുക്കുറ്റി

5. ജ്ഞാൻ, വിജ്ഞാൻ, വിമുക്ത എന്നത് ഏതിന്റെ ആപ്തവാക്യമാണ്?
   - (A) ദൂരദർശൻ
   - (B) ആകാശവാണി
   - (C) യു.ജി.സി.
   - (D) പി.എസ്സ്.സി.

6. കേരളത്തിലെ ഏറ്റവും കുറവ് മലിനീകരണം നടക്കുന്ന നദി :
   - (A) നെയ്യാർ
   - (B) കുന്തിപ്പുഴ
   - (C) പെരിയാർ
   - (D) മഞ്ചേശ്വരം പുഴ

7. ഇന്ത്യയുടെ നോബൽ സമ്മാനം എന്നറിയപ്പെടുന്ന പുരസ്ക്കാരം ഏത്?
   - (A) ജ്ഞാനപീഠം
   - (B) ഭാരതരത്നം
   - (C) ദാദാ സാഹേബ് ഫാൽകെ അവാർഡ്
   - (D) ഭട്നാഗർ അവാർഡ്

8. ബ്രിട്ടീഷ് വാർത്താ ഏജൻസിയായ റോയിട്ടറുമായി ബന്ധം സ്ഥാപിച്ച ആദ്യ ഇന്ത്യൻ പത്രം :
   - (A) സ്വദേശാഭിമാനി
   - (B) ദീപിക
   - (C) ബംഗാൾ ഗസറ്റ്
   - (D) ദി ഹിന്ദു

9. അന്തരീക്ഷത്തിലെ ഏറ്റവും കുറഞ്ഞ താപനില അനുഭവപ്പെടുന്ന അന്തരീക്ഷപാളി :

(A) ട്രോപ്പോസ്ഫിയർ
(B) മീസ്സോസ്ഫിയർ
(C) തെർമോസ്ഫിയർ
(D) അയണോസ്ഫിയർ

10. മോൺട്രിയൽ പ്രോട്ടോകോൾ ഏതുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര ഉടമ്പടിയാണ്?

(A) ഓസോൺ ശോഷണം
(B) ഭീകരവാദം
(C) നദീജല തർക്കം
(D) എണ്ണ ഉല്പാദനം

11. ഭാഗ, ബലി, ശുൽക എന്നിവ മൗര്യകാലഘട്ടത്തിലെ വിവിധയിനം ———— ആണ്.

(A) നാണയങ്ങൾ
(B) ഭൂപ്രദേശങ്ങൾ
(C) ബലികർമ്മങ്ങൾ
(D) നികുതികൾ

12. കുടിവെള്ള ശേഖരണത്തിനായി സുരങ്ക കിണറുകൾ (Horizontal wells) കാണപ്പെടുന്ന കേരളത്തിലെ ജില്ല :

(A) ആലപ്പുഴ
(B) വയനാട്
(C) കാസർഗോഡ്
(D) കോഴിക്കോട്

13. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ കാലയളവ് :

(A) 2011-2016
(B) 2012-2017
(C) 2010-2015
(D) 2013-2018

14. ലോകത്തിലെ ആദ്യ ശിശു സൗഹാർദ്ദ നഗരം :

(A) ദുബായ്
(B) മസ്കറ്റ്
(C) ഷാർജ
(D) റിയാദ്

15. UNDP യുടെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം മാനവ വികസന സൂചികയിൽ ഇന്ത്യയുടെ ഇപ്പോഴത്തെ സ്ഥാനം :

(A) 130
(B) 135
(C) 140
(D) 142

16. ഇടുക്കിയിലെ ആർച്ചു ഡാം നിർമ്മാണത്തിൽ സഹകരിച്ച രാജ്യം ഏത്?

(A) ബ്രിട്ടൺ
(B) റഷ്യ
(C) ഫ്രാൻസ്
(D) കാനഡ

17. ഏത് ഭേദഗതിയനുസരിച്ചാണ് മൗലിക കർത്തവ്യങ്ങൾ ഭരണഘടനയിലുൾപ്പെടുത്തിയത്?

(A) 32-ാം ഭേദഗതി
(B) 42-ാം ഭേദഗതി
(C) 46-ാം ഭേദഗതി
(D) 15-ാം ഭേദഗതി

18. കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ദിവസം ചർച്ചചെയ്ത് പാസ്സാക്കിയ നിയമം :

(A) 1957-ലെ കേരള അഗ്രേറിയൻ റിലേഷൻസ് ബിൽ

(B) 1957-ലെ കേരള വിദ്യാഭ്യാസ ബിൽ

(C) 1963-ലെ കേരള ഭൂപരിഷ്ക്കരണ ബിൽ

(D) ഇവയൊന്നുമല്ല

19. വെൽവെറ്റ് വിപ്ലവം നടന്ന രാജ്യം ഏത്?

(A) വിയറ്റ്നാം (B) തുർക്കി

(C) ചെക്കോസ്ലാവാക്യ (D) ബൽജിയം

20. ഉൽക്കകൾ കത്തി ചാരമാകുന്ന അന്തരീക്ഷപാളി :

(A) ട്രോപ്പോസ്ഫിയർ (B) സ്ട്രാറ്റോസ്ഫിയർ

(C) മീസ്സോസ്ഫിയർ (D) തെർമോസ്ഫിയർ

21. അശോകന്റെ ശാസനങ്ങളിൽ ഭൂരിഭാഗവും എഴുതപ്പെട്ടിരിക്കുന്ന ലിപി :

(A) ബ്രാഹ്മി (B) സംസ്കൃതം

(C) പ്രാകൃത് (D) ദേവനാഗരി

22. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പരാമർശിക്കുന്ന സപ്താംഗങ്ങളിൽ ഉൾപ്പെടാത്തത് :

(A) അമാത്യൻ (B) ദണ്ഡ

(C) സ്വാമി (D) ധമ്മ

23. ഗ്ലോബൽ വാച്ച് എന്നത് അന്തർദേശീയ തലത്തിൽ പ്രശസ്തി നേടിയ ഒരു ———————— ആണ്.

(A) വാച്ച് കമ്പനി (B) മനുഷ്യാവകാശ സംഘടന

(C) പരിസ്ഥിതി സംഘടന (D) ഭീകര വിരുദ്ധ സംഘടന

24. കരിവള്ളൂർ സമരം നടന്ന വർഷം :

(A) 1941 (B) 1942

(C) 1946 (D) 1949

25. സെക്കന്ററി-ഹയർ സെക്കന്ററി തലത്തിലെ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട പ്രത്യേക പദ്ധതിയാണ് :

(A) എസ്സ്.എസ്സ്.എ. (B) ആർ.എം.എസ്സ്.എ.

(C) ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് (D) ഡി.പി.ഇ.പി.

26. വൻകര ഭൂവൽക്കത്തിൽ അടങ്ങിയിരിക്കുന്ന ധാതുക്കൾ :

(A) നിക്കൽ, ഇരുമ്പ് (B) സിലിക്ക, ഇരുമ്പ്

(C) സിലിക്ക, മെഗ്നീഷ്യം (D) സിലിക്ക, അലുമിന

27. ലോക മണ്ണു ദിനമായി ആചരിക്കുന്നത് :

(A) ജനുവരി 15
(B) ഫെബ്രുവരി 15
(C) ഒക്ടോബർ 15
(D) ഡിസംബർ 15

28. താഴെക്കൊടുത്തിരിക്കുന്നവയിൽ ദ്വിമണ്ഡല നിയമ നിർമ്മാണ സഭയുള്ള സംസ്ഥാനമാണ് :

(A) ബീഹാർ
(B) രാജസ്ഥാൻ
(C) മദ്ധ്യപ്രദേശ്
(D) ഗുജറാത്ത്

29. കേന്ദ്ര സർക്കാർ ഏജൻസിയായ 'സർവ്വേ ഓഫ് ഇന്ത്യ'യുടെ ചുമതലയാണ് :

(A) ഭൂപടങ്ങൾ നിർമ്മിക്കുക; പ്രസിദ്ധീകരിക്കുക
(B) ജനസംഖ്യ കണക്കെടുപ്പ് നടത്തുക
(C) സാമ്പത്തിക കണക്കെടുപ്പ് നടത്തുക
(D) അളവുകളും തൂക്കങ്ങളും പരിശോധിക്കുക

30. ഓരോ വസ്തുവും പ്രതിഫലിപ്പിക്കപ്പെടുന്ന ഊർജ്ജത്തിന്റെ അളവാണ് :

(A) സെൻസർ
(B) ഓവർലാപ്
(C) സ്പെക്ട്രൽ സിഗ്നേച്ചർ
(D) സ്പേഷ്യൽ റെസലൂഷൻ

31. മിതമായ തണുപ്പ്, സാമാന്യം മഴയോടു കൂടിയ ശൈത്യകാലം, ചൂടു കൂടിയ വേനൽക്കാലം ഇവ ———— കാലാവസ്ഥയുടെ പ്രത്യേകതകളാണ്.

(A) ഭൂമദ്ധ്യരേഖ
(B) മെഡിറ്ററേനിയൻ
(C) മൺസൂൺ
(D) തൈഗ

32. തിസ്താ നദിക്കും ബ്രഹ്മപുത്രാ നദിക്കും ഇടയിലുള്ള ഹിമാലയഭാഗം അറിയപ്പെടുന്നത് :

(A) കുമയൂൺ ഹിമാലയം
(B) ആസ്സാം ഹിമാലയം
(C) നേപ്പാൾ ഹിമാലയം
(D) പഞ്ചാബ് ഹിമാലയം

33. കേരളത്തിലെ പ്രസിദ്ധ 'കല്ലിൽ' ജൈനക്ഷേത്രം ഏതു ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്?

(A) തൃശ്ശൂർ
(B) ഇടുക്കി
(C) വയനാട്
(D) എറണാകുളം

34. മുങ്ങിക്കപ്പലിൽ യാത്ര ചെയ്ത ആദ്യ ഇന്ത്യൻ രാഷ്ട്രപതി :

(A) കെ.ആർ. നാരായണൻ
(B) ആർ. വെങ്കിട്ടരാമൻ
(C) പ്രതിഭാ പട്ടേൽ
(D) ഡോ. എ.പി.ജെ. അബ്ദുൾ കലാം

35. സുബ്ബരായർ എന്ന യഥാർത്ഥ പേരുള്ള സാമൂഹിക പരിഷ്ക്കർത്താവ് ഏതു പേരിലാണ് പ്രശസ്തനായത്?

(A) തൈക്കാട് അയ്യാഗുരു
(B) കുമാര ഗുരു
(C) ചട്ടമ്പി സ്വാമികൾ
(D) ശ്രീനാരായണ ഗുരു

36. ഹരിജനോദ്ധാരണ ഫണ്ടു ശേഖരണത്തിനെത്തിയ ഗാന്ധിജിക്കു സ്വർണ്ണാഭരണങ്ങൾ അഴിച്ചു നൽകിയ പ്രശസ്ത വനിത :

(A) അമ്മു സ്വാമിനാഥൻ
(B) കുട്ടിമാളു അമ്മ
(C) കൗമുദി ടീച്ചർ
(D) അക്കാമ്മ ചെറിയാൻ

37. കേരളത്തിലെ സാമൂഹിക പരിഷ്ക്കർത്താവായിരുന്ന പണ്ഡിറ്റ് കറുപ്പന്റെ ജന്മദേശം :

(A) എറണാകുളം
(B) തൃശ്ശൂർ
(C) കോട്ടയം
(D) ആലപ്പുഴ

38. പതിനെട്ട് വയസ്സിൽ താഴെയുള്ള വിവിധ രോഗ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള ഗവണ്മെന്റിന്റെ സൗജന്യ ചികിത്സാ പദ്ധതിയാണ് :

(A) സ്നേഹപൂർവ്വം
(B) സ്നേഹസ്പർശം
(C) താലോലം
(D) പ്രത്യാശ

39. ലോകത്തിൽ ഏറ്റവും കൂടുതൽ കാലം നിരാഹാര വ്രതമനുഷ്ഠിച്ച് സമരം നടത്തിയ വനിത :

(A) മേധാ പട്കർ
(B) ഇറോം ശർമ്മിള
(C) സരോജിനി നായിഡു
(D) വിന്നി മണ്ടേല

40. റ്റാറ്റാ നാനോ കാർ നിർമ്മാണത്തിനു പ്രസിദ്ധി കേട്ട ഗുജറാത്തിലെ സ്ഥലമാണ് :

(A) അഹമ്മദാബാദ്
(B) ഗാന്ധിനഗർ
(C) സൂററ്റ്
(D) സാണന്ദ്

41. ഇലക്ഷൻ, വോട്ടിംഗ് എന്നിവയെക്കുറിച്ചുള്ള പഠനശാഖ :

(A) നെഫോളജി
(B) നെഫ്രോളജി
(C) ആന്ത്രോളജി
(D) സെഫോളജി

42. കൊച്ചിയേയും ധനുഷ്കോടിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ദേശീയ പാതയാണ് :

(A) N.H. 47
(B) N.H. 49
(C) N.H. 7
(D) N.H. 17

43. ആന്റി എയ്ഡ്സ് സർട്ടിഫിക്കറ്റ് വിവാഹത്തിന് നിർബന്ധമാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം :

(A) ആന്ധ്രാപ്രദേശ്
(B) മഹാരാഷ്ട്ര
(C) തമിഴ്നാട്
(D) ഗുജറാത്ത്

44. നാഷണൽ ഷിപ്പ് ഡിസൈൻ ആന്റ് റിസർച്ച് സെന്ററിന്റെ ആസ്ഥാനം :

(A) കൊച്ചി
(B) വിശാഖപട്ടണം
(C) മംഗലാപുരം
(D) കൊൽക്കത്ത

45. 2015 ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിച്ചതാർക്ക്?

(A) ഡോ. പുതുശ്ശേരി രാമചന്ദ്രൻ
(B) സുഗതകുമാരി
(C) കെ.ആർ. മീര
(D) സാറാ ജോസഫ്

46. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ നിലവിൽ വന്നത് :

(A) 1984
(B) 1975
(C) 1969
(D) 1965

47. ദേശീയ ജനസംഖ്യാ നയം പ്രഖ്യാപിച്ചത് എന്ന്?

(A) ഫെബ്രുവരി 2000
(B) ജനുവരി 2000
(C) ഫെബ്രുവരി 2001
(D) ജനുവരി 2001

48. ട്രൂ സ്റ്റോറി ആരുടെ കൃതിയാണ്?

(A) സുനിൽ ഗവാസ്കർ
(B) ഇയാൻ ബോതം
(C) സ്റ്റീവ് വോ
(D) കപിൽ ദേവ്

49. 2015 ലെ കോപ്പ അമേരിക്ക ഫുട്ബോൾ വിജയിയായ രാജ്യം :

(A) ചിലി
(B) അമേരിക്ക
(C) ജർമ്മനി
(D) സ്പെയിൻ

50. ക്യൂൻസ്ബറി നിയമങ്ങൾ ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ബോക്സിംഗ്
(B) ടെന്നീസ്
(C) ചെസ്സ്
(D) വോളിബോൾ

51. ആരുടെ യഥാർത്ഥ പേരാണ് 'എഡ്സൺ അരാന്റസ് ദൊ നാസിമെന്റോ'?

(A) മറഡോണ
(B) പെലെ
(C) സീക്കോ
(D) മെസ്സി

52. ഭരണഘടനയുടെ 8-ാം പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിദേശഭാഷ ഏത്?

(A) മൈഥിലി
(B) സന്താളി
(C) ദോഗ്രി
(D) നേപ്പാളി

53. മൈ പ്രസിഡൻഷ്യൽ ഇയേഴ്സ് എഴുതിയതാര്?

(A) എ.പി.ജെ. അബ്ദുൾ കലാം
(B) കെ.ആർ. നാരായണൻ
(C) ആർ. വെങ്കിട്ടരാമൻ
(D) ഡോ. എസ്. രാധാകൃഷ്ണൻ

54. എന്താണ് പൾസാറുകൾ?

(A) ഭൂമിയോടേറ്റവും അടുത്ത നക്ഷത്രങ്ങൾ
(B) അതിവേഗം ഭ്രമണം നടത്തികൊണ്ടിരിക്കുന്ന ന്യൂട്രോൺ നക്ഷത്രങ്ങൾ
(C) മരണമടയുന്ന നക്ഷത്രങ്ങൾ
(D) ഇവയൊന്നുമല്ല

55. നിത്യഹരിത എയർലൈൻസ് (Evergreen Airline) എന്നറിയപ്പെടുന്നത് ഏത് രാജ്യത്തെ എയർലൈൻസ് ആണ്?

(A) തായ്‌വാൻ
(B) മലേഷ്യ
(C) ഫിലിപ്പൈൻസ്
(D) സിംഗപ്പൂർ

56. റിസർവ്വ് ബാങ്ക് ഗവർണ്ണറുടെ കാലാവധി ———————— വർഷമാണ്.

(A) 4
(B) 5
(C) 2
(D) 6

57. കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച പ്രഖ്യാപനം യു.എൻ. ജനറൽ അസംബ്ലി പ്രഖ്യാപിച്ചതെന്ന്?

(A) 1948
(B) 1969
(C) 1989
(D) 1999

58. ഓപ്പർച്യൂണിറ്റി, സ്പിരിറ്റ് എന്നിവ ഏത് ഭൗമഗോളത്തെക്കുറിച്ചു പഠിക്കുന്നതിനുള്ള പര്യവേഷണ വാഹനങ്ങളാണ്?

(A) ചന്ദ്രൻ
(B) ബുധൻ
(C) ചൊവ്വ
(D) പ്ലൂട്ടോ

59. ലോക സോഷ്യൽ ഫോറം ആദ്യമായി സമ്മേളിച്ചത്?

(A) ജർമ്മനി
(B) ജപ്പാൻ
(C) ബ്രിട്ടൺ
(D) ബ്രസ്സീൽ

60. താഴെക്കൊടുത്തിരിക്കുന്നവയിൽ സാർക്കിലെ അംഗമല്ലാത്ത രാജ്യം :

(A) ശ്രീലങ്ക
(B) അഫ്ഗാനിസ്ഥാൻ
(C) മാലിദ്വീപ്
(D) മ്യാൻമർ

61. 'Sumit is a very good painter'.
In this sentence the word 'very' is ______.

(A) noun
(B) verb
(C) adverb
(D) adjective

62. 'One of my cousins ______ in America'.
Fill in the blanks with the correct word.

(A) is
(B) are
(C) were
(D) be

63. Identify the appropriate tag question for the following sentence :
'You went to church yesterday, ______?'

(A) won't you
(B) didn't you
(C) aren't you
(D) isn't it

64. 'Children built sandcastles' :
Which of the following will be the correct passive form of this sentence?

(A) Sandcastles were built by the children
(B) Sandcastles are built by the children
(C) Sandcastles are building by the children
(D) Sandcastles were being built by the children

65. Good : better ; bad : ______.

(A) ugly
(B) more bad
(C) worse
(D) worst

66. The man jumped ______ the pond.

(A) in
(B) to
(C) on
(D) into

67. Which of the following is not an adjective?

(A) Better
(B) Beautiful
(C) Clean
(D) Neatly

68. If you ______ me, I would come with you.

(A) calling
(B) called
(C) call
(D) calls

69. ______ lady in yellow sari is my sister.

(A) a
(B) an
(C) the
(D) these

70. A male duck is called ______.

(A) duckling
(B) drake
(C) dude
(D) duke

71. Identify the correct sentence :

(A) They will visit Agra last month
(B) They were visiting Agra last month
(C) They visit Agra last month
(D) They visited Agra last month

72. Happy : unhappy ; Appear : ________.

(A) disappear
(B) unappear
(C) inappear
(D) antiappear

73. The synonym of the word 'change' is ________.

(A) stay
(B) keep
(C) chance
(D) alter

74. "I couldn't <u>understand</u> his words".

Replace the underlined word with the appropriate phrasal verb :

(A) make out
(B) give up
(C) put on
(D) set up

75. The phrase 'bona fides' means :

(A) from office
(B) to the end
(C) good faith
(D) reminder

76. Which among the following is the opposite of 'depart'?

(A) apart
(B) arrive
(C) quit
(D) leave

77. Identify the correctly spelt word :

(A) BELEIVE
(B) BILEIVE
(C) BELIEVE
(D) BELEAVE

78. Choose the correct word :

"What is the bus ________ to Mumbai"?

(A) fare
(B) fair
(C) fear
(D) fire

79. 'A cock and bull story' means :

(A) a story in which cock and bull are the characters
(B) a real incident
(C) something dangerous
(D) a story that cannot be believed

80. The one word substitute for 'an unmarried woman' :

(A) lady
(B) spinster
(C) mistress
(D) bachelor

81. 15 ന്റെയും 35 ന്റെയും ഇടയിലുള്ള അഭാജ്യസംഖ്യകളുടെ എണ്ണം എത്ര?

(A) 4
(B) 5
(C) 6
(D) 7

82. $\sqrt{5625} = 75$ ആയാൽ $\sqrt{5625} + \sqrt{56.25} + \sqrt{0.5625} + \sqrt{0.005625}$ ന്റെ വില എത്ര?

(A) 0.83325
(B) 8.3325
(C) 83.325
(D) 833.25

83. ആദ്യത്തെ 15 ഇരട്ട സംഖ്യകളുടെയും ഒറ്റ സംഖ്യകളുടേയും ശരാശരി തമ്മിലുള്ള വ്യത്യാസം എത്ര?

(A) 1
(B) 15
(C) 120
(D) 225

84. $(16)^{3/2} - (27)^{2/3} =$

(A) 26
(B) 17
(C) 55
(D) 62

85. രാഹുലിന്റെ ശമ്പളം 15% വർദ്ധിച്ച് 23,000 രൂപ ആയാൽ വർദ്ധനവിന് മുമ്പുള്ള ശമ്പളം എത്ര?

(A) 18,000
(B) 20,000
(C) 21,000
(D) 19,000

86. $A:B = 3:5, B:C = 4:3$ $A:B:C$ എത്രയാണ്?

(A) 3:5:3
(B) 3:5:4
(C) 15:4:12
(D) 12:20:15

87. മനു തന്റെ കൈവശമുള്ള സൈക്കിൾ 2,000 രൂപയ്ക്ക് വിറ്റപ്പോൾ 20% നഷ്ടം സംഭവിച്ചുവെങ്കിൽ സൈക്കിളിന്റെ യഥാർത്ഥ വില എത്രയാണ്?

(A) 1,900
(B) 2,150
(C) 2,300
(D) 2,500

88. 12 പേർ 21 ദിവസം കൊണ്ട് പൂർത്തിയാക്കുന്ന ഒരു ജോലി 14 പേർ എത്ര ദിവസം കൊണ്ട് പൂർത്തിയാക്കും?

(A) 16
(B) 17
(C) 18
(D) 19

89. 200 മീറ്റർ നീളം ഉള്ള ഒരു തീവണ്ടി 14 സെക്കന്റ് കൊണ്ട് 150 മീറ്റർ നീളം ഉള്ള ഒരു പാലം കടന്നു പോകുന്നു എങ്കിൽ തീവണ്ടിയുടെ വേഗത എത്രയാണ്?

(A) 90 കി.മീ./മണിക്കൂർ
(B) 64 കി.മീ./മണിക്കൂർ
(C) 49 കി.മീ./മണിക്കൂർ
(D) 35 കി.മീ./മണിക്കൂർ

90. ഒരു ത്രികോണത്തിന്റെ വശങ്ങൾ 13 സെ.മീ., 14 സെ.മീ., 15 സെ.മീ. ആയാൽ വിസ്തീർണ്ണം എത്ര?

(A) 105 ച. സെ.മീ.
(B) 84 ച. സെ.മീ.
(C) 42 ച. സെ.മീ.
(D) 21 ച. സെ.മീ.

91. 32:2, 243: ______

സമാനബന്ധം ഉപയോഗിച്ച് പൂരിപ്പിക്കുക.

(A) 3
(B) 6
(C) 9
(D) 10

92. താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്ന് വ്യത്യസ്തമായത് കണ്ടുപിടിക്കുക :

2500, 3248, 4564, 5782

(A) 2500
(B) 3248
(C) 4564
(D) 5782

93. ഒരു കോഡനുസരിച്ച് TRAIN നെ WODFQ എന്നെഴുതാമെങ്കിൽ VEHICLE നെ എങ്ങനെ എഴുതാം?

(A) YKBFIFH
(B) YBKFFIH
(C) ZLAGHIJ
(D) ZALHGJI

94. വിട്ടുപോയ സംഖ്യ പൂരിപ്പിക്കുക :

8, 21, 16, ______, 24, 7, 32.

(A) 8
(B) 12
(C) 14
(D) 20

95. 2005 ഡിസംബർ 25 ഞായറാഴ്ച ആണെങ്കിൽ 2010 ജനുവരി 1 ഏത് ദിവസമാണ്?

(A) തിങ്കൾ
(B) ബുധൻ
(C) വ്യാഴം
(D) വെള്ളി

96. ക്ലോക്കിലെ സമയം 9.29 ആണെങ്കിൽ ക്ലോക്കിന്റെ മുന്നിൽ വച്ചിരിക്കുന്ന കണ്ണാടിയിൽ കാണുന്ന പ്രതിബിംബത്തിലെ സമയം എത്രയായിരിക്കും?

(A) 2.31
(B) 3.31
(C) 3.21
(D) 2.29

97. ബെന്നിയുടെ അമ്മ, ബിനുവിന്റെ അമ്മയുടെ ഒരേ ഒരു മകളാണ്. എങ്കിൽ ബെന്നിയുടെ ആരാണ് ബിനു?

(A) അച്ഛൻ
(B) മകൻ
(C) സഹോദരൻ
(D) അമ്മാവൻ

98. മഹേഷ് വീട്ടിൽ നിന്നും 14 കി.മീ. പടിഞ്ഞാറോട്ട് നടന്നതിന് ശേഷം വലത്തോട്ട് തിരിഞ്ഞ് 5 കി.മീ. നടക്കുകയും അതിനുശേഷം വീണ്ടും വലത്തോട്ട് തിരിഞ്ഞ് 8 കി.മീ. നടക്കുകയും ചെയ്തശേഷം ഇടത്തോട്ട് തിരിഞ്ഞ് 3 കി.മീ. നടക്കുകയും ചെയ്തു. എങ്കിൽ യാത്ര ആരംഭിച്ച സ്ഥലത്തുനിന്നും എത്ര ദൂരം അകലെ ആണ് മഹേഷ് ഇപ്പോൾ ഉള്ളത്?

(A) 8 കി.മീ.
(B) 10 കി.മീ.
(C) 12 കി.മീ.
(D) 17 കി.മീ.

99. $[(12 \times 3) \div (8 + 4)] \div [(7 \times 2 - 5) \div (4 \times 1 - 1)] =$

(A) 1
(B) 2
(C) 10
(D) 15

100. ഒരു മത്സരപ്പരീക്ഷയിൽ സുനിലിന് കിട്ടിയ റാങ്ക് മുകളിൽ നിന്ന് 17 ഉം താഴെ നിന്ന് 23 ഉം ആയാൽ മത്സരപ്പരീക്ഷയിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം എത്ര?

(A) 35
(B) 38
(C) 39
(D) 40